# സമസ്തയുടെ

## പിന്നിട്ട നാൾവഴികളെക്കുറിച്ച ചോദ്യങ്ങൾക്ക്

# ഉസ്താദ് പ്രതികരിക്കുന്നു



നൂറുൽ ഉലമ എം എ അബ്ദുൽഖാദിർ മുസ്‌ലിയാർ



1924 ജൂലായ് ഒന്ന് തൃക്കരിപ്പൂർ മഹല്ലിലെ പൗരപ്രമുഖനായ
കുറിയ അബ്ദുല്ല ഹാജിയുടെയും വഴുകപ്പാട് നാലൂരപ്പാട് തറവാട്ടിലെ മറിയം എന്നവരുടെയും മകനായി ജനിച്ച നൂറുൽ ഉലമാ ഉസ്താദ് എം എ അബ്ദുൽ ഖാദിർ മുസ്ലിയാർ 1940കളിൽ ജന്മനാടായ തൃക്കരിപ്പൂരിലും പരിസരങ്ങളിലും സാമൂഹ്യ പ്രവർത്തന വിപ്ലവത്തിനു തുടക്കം കുറിച്ചു കൊണ്ടാണ് പ്രവർത്തന രംഗത്ത് തുടക്കം കുറിക്കുന്നത്. വിവിധ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ചതിനു ശേഷം 1979 മുതൽ ഉത്തരകേരളത്തിലെ ഏറ്റവും വലിയ മതഭൗതിക വിജ്ഞാന സമുച്ചയമായ ജാമിഅ സ-അദിയ്യയുടെ ജനറൽ മാനേജർ ആയും പ്രധാനമുദരിസുമായും സേവനം അനുഷ്ഠിച്ചുവരുന്നു. മുപ്പതോളം പുസ്തകങ്ങളുടെ രചയിതാവ് കൂടിയായ അദ്ദേഹം 1946 ൽ സമസ്തകേരള ജാംഇയ്യത്തുൽ ഉലമയിൽ അംഗത്തം നേടിയതോടെയാണ് പൊതു പ്രവർത്തന രംഗത്ത് സജീവമാകുന്നത്.



പ്രായം 20ലെത്തിയ ഉസ്താദിന്റെ മനസ്സിൽ ഉദിച്ചുവന്ന ആശയം 1951ൽ അൽബയാനിലൂടെ വെളിച്ചം കണ്ടപ്പോൾ അത് സമസ്തയുടെ വിദ്യാഭ്യാസബോഡ് രൂപീക

രിക്കാൻ നിമിത്തമായി. രൂപീകരണ കാലം മുതൽ അതിന്റെ മുന്നണിപ്പോരാളിയും കാവലാളുമായ ആമഹാമനീഷിയുടെ ബുദ്ധിയിലൂടെയാണ് കേരളം മുതൽ അന്താരാഷ്ട്രാതലം വരെ വ്യാപിച്ചു കിടക്കുന്ന മതവിദ്യാഭ്യാസം ആരംഭിച്ചത്. മതഭൗതിക കലാലയങ്ങൾ ഒരുകുടക്കീഴിൽ സ്ഥാപിക്കുന്ന ആദ്യമായി സാക്ഷാൽകരിച്ചതും ഈ ചിന്തകളാണ്. അരനൂറ്റാണ്ടിലേറെയായി കേരളത്തിൽ നിറഞ്ഞ് കിടക്കുന്ന



സമസ്തയുടെ വസ്തു നിഷ്ഠമായ ചരിത്രങ്ങളിലേക്ക് സ്പഷ്ടവും സ്ഫുടവുമായ ഭാഷയിൽ ജനസമക്ഷം ബോധിപ്പിക്കുവാൻ ഹാഫിസ് എം കെ എം ബെളിഞ്ച നടത്തിയ കൂടിക്കഴ്ചയുടെ പ്രസക്ത ഭാഗങ്ങൾ അടങ്ങിയ ദൃശ്യാവിഷ്കാരം. വികലമായി പ്രചരിപ്പിക്കുന്ന സമസ്തയുടെ ചരിത്രസത്യങ്ങളെ അടിസ്ഥാനപ്രമാണങ്ങളുടെയും രേഖപ്പെട്ട് കിടക്കുന്ന തെളിവുകളുടെയും പിൻബലത്തോടെ സമർത്ഥിക്കുന്ന അമൂല്യമായ ഒരു ഉപഹാരമാണിത്.





1989 മുതൽ സമസ്ത കേരള കേന്ദ്ര മുഷാവറയിൽ വൈസ് പ്രസിഡണ്ടായ ഉസ്താദ് അഖിലേന്ത്യാ സുന്നി വിദ്യാഭ്യാസ ബോർഡിന്റെ ആദരണീയനായ അദ്ധ്യക്ഷൻ കൂടിയാണ്. 23ാം വയസ്സിൽ സമസ്ത എന്ന ആധികാരിക പണ്ഡിത സഭയിൽ ഒരം

ഗമായിമാറിയ ഉസ്താദ് എന്നും സമസ്തയുടെ സ്ഥാപിത ലക്ഷ്യങ്ങളിൽ അടിയുറച്ച് നിന്നു പ്രതിസന്ധിയുടെ കൈപ്പേറിയ അനുഭവങ്ങളിലൂടെ നടന്ന് നീങ്ങിയ ഈ മഹാനുഭാവൻ ഇന്ന് ചരിത്രത്തിന്റെ താളുകളിലാണ്.

1921 കാല ഘട്ടങ്ങളിൽ മലയാളക്കരയിൽ ഉടലെടുത്ത ബിദഈ നീക്കങ്ങളെ പ്രതിരോധിക്കാൻ പരമ്പരാഗതമായി പകർന്നുകിട്ടിയ മുസ്‌ലിം ഐക്യവും പൈതൃകവും നിലനിർത്താനും രൂപീകൃതമായ പണ്ഡിതസഭയാണ് സമസ്തകേരള ജംഇയ്യത്തുൽ ഉലമ. താത്വികരായ പണ്ഡിത മഹത്തുക്കളും സാദാത്തുക്കളും ജീവൻ നൽകുകയു പരിരക്ഷിക്കുകയും ചെയ്ത ഈ സഭയുടെ ഒരംഗമായി നൂറുൽ ഉലമ എം എ ഉസ്താദ് രംഗപ്രവേശനം ചെയ്യുന്നത് 1946ലാണ്. ബിദഈ ചിന്താധാരകളുടെ കടന്നാക്രമങ്ങളെ നെഞ്ചുറപ്പോടെ പ്രതിരോധിക്കുകയും ഇസ്‌ലാമികവിശ്വാസ പ്രമാണങ്ങൾ ആദാരമാക്കി ആചാരാ അനുഷ്ഠാനങ്ങളെ നിലനിർത്തുകയും ചെയ്യുന്നതിൽ സമസ്ത എന്ന പണ്ഡിതസഭ വഹിച്ച പങ്ക് നിസ്തുലമാണ്. ഭദ്രമായ അടിത്തറയും കെട്ടുറപ്പുമുള്ള ഈ പണ്ഡിതസഭ 1989ൽ ഉണ്ടായ രൂക്ഷമായ അഭിപ്രായവ്യത്യാസങ്ങൾകാരണം ദൗർഭാഗ്യകരമായ ആപിളർപ്പ് സംഭവിച്ചു.സമസ്തയുടെ സച്ചരിതരായ പണ്ഡിത ശ്രേഷ്ഠരുടെ ആശീർ വാദത്തോടെ 6വർഷങ്ങൾക്ക് മുമ്പ് സംഘടന ഗോതയിലേക്ക് കാലെടുത്ത് വെച്ച ശൈഖുനാ എംഎ ഉസ്താദ് 80 പിന്നിട്ട സമസ്തയുടെ ചരിത്രം മായം കലർത്താതെ ഉല്ലേകനം ചെയ്തു വെച്ചിട്ടുണ്ട്. ഒരു പക്ഷെ ഇന്ന് സമസ്തയുടെ ചരിത്രം ആധികാരികമായി സംസാരിക്കാൻ എം എ ഉസ്താദിനു മാത്രമേ സാധിക്കുകയുള്ളൂ. വിജ്ഞാനത്തിന്റെ കരകാണാസാഗരത്തിൽ നീന്തിക്കുളിച്ച ഈ മഹാനുഭാവൻ സമസ്തയുടെ ചരിത്രം പറയുകയാണ്. അധാർമ്മികതയുടെ കൊടുംവനത്തിൽ ആദർശത്തിന്റെ കൊടുങ്കാറ്റ് വിതച്ച് പൈശാചിക പടുവൃക്ഷങ്ങളെ കടപുഴകിയെറിഞ്ഞ സമസ്തയെന്ന പണ്ഡിതസഭയുടെ നയങ്ങൾ, നിലപാടുകൾ,ധീരമായ ഇടപെടലുകൾ, ചരിത്ര സത്യങ്ങൾ,അതിന്റെ ഉറവിടങ്ങളിൽനിന്നറിയാൻ ചരിത്രാന്വേഷകർക്കായി നൂറുൽ ഉലമ മൗലാനാ എം എ അബ്ദുൽ ഖാദിർ മുസ്‌ലിയാർ മനസ്സ് തുറന്ന് സംസാരിക്കുന്നു. സമസ്തയുടെ വസ്തുനിഷ്ഠമായ ചരിത്ര സത്യങ്ങളെ സ്പഷ്ടവും സ്ഫുടവുമായ ഭാഷയിൽ ജനസമക്ഷം ബോധിപ്പിക്കുവാൻ ഹാഫിസ് എം കെ എം ബെളിഞ്ച നടത്തിയ കൂടിക്കാഴ്ചയുടെ പ്രസക്തഭാഗങ്ങൾ അടങ്ങിയ ദൃശ്യാവിഷ്ക്കാരമാണ് നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നത് വികലമായി പ്രചരിപ്പിക്കുന്ന സമസ്തയുടെ ചരിത്രസത്യങ്ങളെ അടിസ്ഥാന പ്രമാണങ്ങളുടെയും രേഖപ്പെട്ട് കിടക്കുന്ന തെളിവുകളുടെയും പിൻബലത്തോടെ സമർപ്പിക്കുന്ന അമൂല്യമായ ഒരു ഉപഹാരമാണിത്. സാമൂഹ്യസേവന ജീവകാരുണ്യമേഖലകളിലെ സജീവ സാന്നിധ്യമായി ഇസ്‌ലാമിക ആധ്യാത്മിക പ്രഭാഷണ വേധികളിലെ കരുത്തുറ്റ പ്രതിഭകളെയും നിരവധി ഗ്രന്ഥ രചയിതാക്കളെയും സമൂഹത്തിനു സമർപ്പിച്ച സഅദിയ്യ ശരീഅത്ത് കോളേജ് വിദ്യാർത്ഥികളുടെ " മിസ്ബാഹു സ്സഅദാഅ്സ്റ്റുഡന്റ്സ് അസ്സോസിയേഷൻ MSSA കൈരളിക്ക് സമർപ്പിക്കുന്ന ജ്ഞാനോപഹാരം.

===============================================================

**സമസ്ത കേരള ജാം ഇയ്യത്തുൽ ഉലമ രൂപീകരിക്കാനുള്ള പശ്ചാത്തലം ?**

www.islamkerala.com

- കേരള ജംഇയ്യത്തുൽ ഉലമ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയായി മാറിയതിനു പിന്നിലുള്ള രഹസ്യം ?







- സമസ്തയുടെ രൂപീകരണം എവിടെ വെച്ചായിരുന്നു ? ആരായിരുന്നു അതിന്റെ അദ്ധ്യക്ഷൻ ?

- സമസ്തയുടെ പതാക അംഗീകരിച്ചത് ഏത്സമ്മേളനത്തിലാണ്, ഏത് വർഷത്തിലാണ് ?

- അന്ന് അംഗീകരിച്ച പതാകക്ക് ഇന്ന് ഏതെങ്കിലും വിധത്തിൽ മാറ്റം വന്നിട്ടുണ്ടോ ?

- എന്താണ് ഇശാഅത്ത് കമ്മിറ്റിയും ആമിലാ സംഘവും ? ഇത് രൂപീകരിക്കാനുള്ള കാരണവും പശ്ചാത്തലവും വിശദീകരിക്കാമോ, ആരാണ് ഇതിന്റെ സാരഥികൾ ?

- 1954ൽ താനൂരിൽവെച്ച് നടന്ന് സമസ്തയുടെ 20ാം വാർഷിക സമ്മേളനത്തിൽ വെച്ചാണ് ആമിലാ സംഘം സുന്നിയുവജന സംഘമായി രൂപാന്തരപ്പെട്ടതെന്ന് പറയപ്പെടുന്നുണ്ടല്ലോ അതിന്റെ സത്യം എന്താണ് ?

- എസ് വൈ എസ് നെ സമസ്ത അംഗീകരിച്ചത് എപ്പോഴാണ് ?

- എസ് വൈ എസ് ന്റെ ആദ്യകാല സാരഥികൾ ആരൊക്കെയാണ് ?

- 1968ന് ശേഷം സയ്യിദ് അബുറഹ്മാൻ ബാഫഖി തങ്ങളും പാണക്കാട് പി എം എ സ് പൂക്കോയതങ്ങളും എസ് വൈ എസ് ലും സമസ്തയിലും കടന്ന്വന്നപ്പോൾ സമസ്തയുടെ ആലിമീങ്ങളിൽനിന്ന് ചിലർക്ക് വിയോജിപ്പ് ഉണ്ടായിരുന്നെന്ന് പറയപ്പെടുന്നല്ലോ ?

- സ്വദഖത്തുല്ല മുസ്ലിയാർക്ക് എന്തെങ്കിലും വിയോജിപ്പുണ്ടായിരുന്നോ ?

- ചാപ്പനങ്ങാടി ബാപ്പു മുസ്ലിയാരെയും കെ പി ഉസ്മാൻ സാഹിബിനെയും നീക്കംചെയ്യാൻ ചിലർകരുനീക്കം നടത്തിയത്കൊണ്ടാണ് അവരെ അഖിലേന്ത്യാതലത്തിലേക്ക് മാറ്റിയത് എന്ന് പറയപ്പെടുന്നുണ്ടല്ലോ ?



- ശൈഖുനാ കാന്തപുരം എസ് വൈ എസ് ലേക്കും സമസ്തയിലേക്കും കയറിവന്നത് മുതലാണ് എല്ലാപ്രശ്നങ്ങളും ഉണ്ടായതെന്ന് പറയപ്പെടുന്നുണ്ടല്ലോ, എന്താണ് സത്യം ?

- സമസ്തകേരള ഇസ്ലാമത വിദ്യാഭ്യാസബോർഡ് രൂപീകരിക്കാനുണ്ടായ കാരണം, ഇതിൽ ഉസ്താദിന്റെ പങ്ക് ?

- ഇപ്പോൾ ഈ വിദ്യാഭ്യാസ ബോർഡ് കൈകാര്യം ചെയ്യുന്നത് ഇ കെ സമസ്തക്കാരാണല്ലോ ?

- സുന്നി വിദ്യാഭ്യാസ ബോർഡ് നിലവിൽ വന്നതിന്റെ നേട്ടം ?

- കേരളത്തിലാദ്യമായി മദ്രസ്സ സംവിധാനം കൊണ്ട് വന്നത് വഹാബികളാണെന്ന് പറയുന്നത് ശരിയാണോ ?

- സുന്നി വിദ്യാഭ്യാസ ബോർഡിന്റെ ഭാവി ലക്ഷ്യങ്ങൾ ?

- 1989 ലാണ് സമസ്തപിളർന്നത് ഇതിനു മുമ്പ് പല കോലാഹലങ്ങളും സമസ്തയിൽ സംഭവിച്ചുവെന്ന് പറയുന്നു അതെക്കുറിച്ച് പറയാമോ ?

- സമസ്തയുടെ പിളർപ്പ് ഒരു സുപ്രഭാതത്തിൽ ഉണ്ടായതാണോ ?

- സമസ്ഥാനക്കാരുടെ രൂപീകരണം ഉണ്ടായതിനുള്ള സാഹചര്യം ?

- അഖില കേരള ജംഇയ്യത്തുൽ ഉലമ സ്ഥാപിക്കാനുണ്ടായ കാരണങ്ങൾ എന്താണ് ?
- എം എ ഉസ്താദ്. എപി ഉസ്താദ്, ചെറുശ്ശേരി സൈനുദ്ദീൻ മുസ്ലിയാർ തുടങ്ങിയ പണ്ഡിതർ അതിൽ ഉണ്ടായിരുന്നു എന്ന് പറയുന്നല്ലോ ?

- തബ്ലീഗ് ജമാഅത്ത് പുത്തൻ പ്രസ്ഥാനമാണെന്ന് പ്രഖ്യാപിച്ചതിൽ ആർക്കെങ്കിലും തലവേദനയായിട്ടുണ്ടോ ?

- എം ഡി പി രൂപീകരിച്ചതിനെക്കറിച്ച് ?

- ശംസുൽ ഉലമ മുതലക്കുളത്ത് വെച്ച് അലിഹസൻ നദ്‌വിയുമായി വേദി പങ്കിട്ടതാണോ സമസ്ത പിളരാനുണ്ടായ കാരണം ?

www.islamkerala.com



സമസ്തയുടെ രാഷ്ട്രീയ നയം എന്താണ് ?




**തുടങ്ങിയ ചോദ്യങ്ങൾക്ക് ഉസ്താദ്**
**നൂറുൽ ഉലമ എം എ അബ്ദുൽ ഖാദിർ മുസ്‌ലിയാർ**
**മറുപടി പറയുന്നു.**



കൂടിക്കാഴ്ച്ച നടത്തിയത് ഹാഫിസ് എം കെ എം ബെളിഞ്ച

വീഡിയോ സിഡി ലഭ്യമാവാൻ ഇവിടെ ക്ലിക്ക് ചെയ്യുക


മാന്യ സുഹൃത്തുക്കളെ,, ഈസന്ദേശം നിങ്ങളുടെ സുഹൃത്തുക്കൾക്കും മറ്റ് സഹോദര സഹോദരിമാർക്കും ഫോർവേഡ്ചെയ്ത് പുണ്യം നേടുന്നതിൽ പങ്കാളിയാവുക.

ഇസ്ലാമിക വിശ്വാസ അനുഷ്ഠാന പഠന പ്രചരണ രംഗത്ത്

സുന്നികേരളത്തിന്റെ ആദ്യത്തെ വെബ്സൈറ്റ്

www.islamkerala.com



E-mail : abdulla_cherumba@yahoo.com

Mobile : 0091 9400534861


www.islamkerala.com